## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

07.12.2018-ൽ മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ 2853

## ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി ഇ.എസ്.ബിജിമോൾ** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരവികസന വകുപ്പ് ഓഫീസ് മുഖാന്തിരം കണ്ടെത്തുന്ന അർഹരായ എല്ലാ ക്ഷീരകർഷകർക്കും വേനൽകാല ഇൻസെന്റീവ് ലഭ്യമാക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ; | (എ) വേനൽക്കാല ഇൻസെന്റീവ് നൽകുന്നത് മിൽമയാണ്. ഇത് മിൽമയ്ക്ക് പാലളക്കുന്ന സംഘങ്ങളിലെ ക്ഷീരകർഷകർക്കായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇതിന് അർഹരായ ക്ഷീരകർഷകരെ കണ്ടെത്തുന്നതും മിൽമയാണ്.<br>ക്ഷീരവികസന വകുപ്പ് കാറ്റിൽ ഫീഡ് സബ്സിഡി പദ്ധതിയാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതി പ്രകാരം ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന എല്ലാ കർഷകർക്കും ഇതിന്റെ സഹായം ലഭ്യമാക്കുന്നുണ്ട്. |
| (ബി) കന്നുകാലി വളർത്തലിന് വിവിധ ബാങ്കുകളിൽ നിന്നും ക്ഷീരകർഷകരെടുത്തിട്ടുള്ള വായ്പയ്ക്ക് ബാങ്കുകൾ അമിതപലിശ ഈടാക്കി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ വായ്പ തിരിച്ചടവ് മുടങ്ങി കടക്കെണിയിലായ ക്ഷീരകർഷകർക്ക് എന്തെങ്കിലും ആശ്വാസ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) വിവിധ ബാങ്കുകൾ ഡയറി ലോണുകൾക്ക് 10 മുതൽ 15 % വരെ പലിശ ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത്തരം വായ്പകൾ എടുത്ത് തിരിച്ചടക്കുവാൻ കഴിയാതെ കടക്കെണിയിൽപ്പെട്ട ക്ഷീരകർഷരെ സഹായിക്കുന്നതിനായി ഈ വർഷം കടാശ്വാസ പദ്ധതി ഉൾപ്പെടുത്തിയിട്ടില്ല. |
| (സി) കാർഷിക വായ്പയുടെ പലിശനിരക്കിൽ ക്ഷീര കർഷകർക്കും കന്നുകാലി വളർത്തലിനുള്ള വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) ക്ഷീരകർഷകർക്ക് കാർഷിക വായ്പയുടെ പലിശ നിരക്കിൽ വായ്പ അനുവദിക്കേണ്ടതിന്റെ ആവശ്യകത കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ